# ജില്ലാ കോടതി, മഞ്ചേരി

Office : 04832 766377
Fax : 04832 766513
E-mail : dscourtmanjeri@kerala.gov.in

## വിജ്ഞാപനം

വിജ്ഞാപന തിയ്യതി:- 06-05-2024
നമ്പർ. A1-18383/2022/FTSC

അപേക്ഷ ലഭിക്കേണ്ട അവസാന തിയ്യതി 15-05-2024
വൈകുന്നേരം 5 മണി

ജില്ലയിൽ നിലവിലുള്ള കുട്ടികൾക്കെതിരെയുള്ള ലൈംഗീകാതിക്രമ (പോക്സോ) കേസുകൾ മാത്രം കൈകാര്യം ചെയ്യുന്ന പ്രത്യേക അതിവേഗകോടതികളിലെ താഴെ പറയുന്ന തസ്തികകളിലെ പ്രതീക്ഷിത ഒഴിവുകളിലേക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അർഹരായവരുടെ പട്ടിക തയാറാക്കുന്നുണ്ട്. ആയതിലേക്ക് സന്നദ്ധരും യോഗ്യതയുള്ളവരുമായ വ്യക്തികളിൽ നിന്നും നിശ്ചിത ഫോറത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു.

**വകുപ്പ് :-**

സിവിൽ ജുഡീഷ്യറി

**ഒഴിവുകളുടെ എണ്ണം:-**

| ക്രമ നമ്പർ | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II | പ്രതീക്ഷിത ഒഴിവുകൾ |
| 2 | എൽ.ഡി ടൈപ്പിസ്റ്റ് /കമ്പ്യൂട്ടർ അസിസ്റ്റന്റ് | |
| 3 | ഓഫീസ് അറ്റൻഡന്റ്/ പ്യൂൺ | |

**യോഗ്യത:-**

1. അപേക്ഷകർ അവർ അപേക്ഷിക്കുന്ന തസ്തിക അല്ലെങ്കിൽ ഉയർന്ന തസ്തികയിൽ നിന്നും കോടതികളിൽ നിന്നോ മറ്റു സർക്കാർ വകുപ്പുകളിൽ നിന്നോ വിരമിച്ചവരായിരിക്കണം
2. അപേക്ഷകർക്ക് 62 വയസ്സ് പൂർത്തിയാകാൻ പാടില്ല
3. കോടതികളിൽ നിന്നും വിരമിച്ചവർക്ക് മുൻഗണനയുണ്ട്

**നിയമന രീതി :-**

നിയമനം തുടർച്ചയായി 179 ദിവസത്തേക്കോ അല്ലെങ്കിൽ നിയമിക്കപ്പെടുന്ന വ്യക്തിക്ക് 62 വയസ്സ് പൂർത്തിയാകുന്നത് വരെ ഇവയിൽ ഏതാണോ ആദ്യം വരിക അതുവരെയായിരിക്കും. അപേക്ഷകളുടെ സൂഷ്മ പരിശോധനയുടെയും, യോഗ്യതകളുടെയും, കൂടിക്കാഴ്ചയുടെയും അടിസ്ഥാനത്തിൽ ഓരോ തസ്തികയിലേക്കും തയ്യാറാക്കുന്ന പട്ടികയിൽ നിന്ന് മുൻഗണനാ ക്രമത്തിലായിരിക്കും നിയമനം. തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൾ കേരള സർവീസ് റൂൾ ഭാഗം 1, അനുബന്ധം 1 പ്രകാരവും 09-07-19 തിയ്യതിയിലെ സർക്കാർ ഉത്തരവ് നമ്പർ (P)81/2019/ fin പ്രകാരവുമുള്ള സേവന വേതന വ്യവസ്ഥകൾ കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള ഒരു സമ്മത പത്രത്തിൽ സർക്കാരുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

**നിയമനാധികാരി:-**

ജില്ലാ ജഡ്ജ്, മഞ്ചേരി

**അപേക്ഷിക്കേണ്ട വിധം:-**

യോഗ്യതയുള്ള ഉദ്യോഗാർഥികളുടെ പൂർണ്ണമായ ബയോഡാറ്റ ഇതോടൊപ്പം തന്നിരിക്കുന്ന മാതൃകയിൽ തയ്യാറാക്കി വയസ്സ്, യോഗ്യത, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം **"ജില്ലാ ജഡ്ജ്, ജില്ലാ കോടതി, കോടതി സമുച്ചയം, കച്ചേരിപ്പടി, മഞ്ചേരി, മലപ്പുറം - 676121"** എന്ന വിലാസത്തിൽ **15-05-2024 ന്** വൈകുന്നേരം 5 മണിക്ക് മുമ്പായി കിട്ടുന്ന വിധം നേരിട്ടോ തപാൽ മുഖേനെയോ സമർപ്പിക്കേണ്ടതാണ്. അപേക്ഷ കവറിന് മുകളിൽ വിജ്ഞാപന നമ്പറും **"കരാർ നിയമനത്തിനുള്ള അപേക്ഷ"** എന്നും നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. വിജ്ഞാപന-ത്തിന്റെ വിശദ വിവരങ്ങളും അപേക്ഷയുടെ മാതൃകയും ജില്ലാ കോടതിയുടെ ഔദ്യോഗിക വെബ്സൈറ്റിലെ (https://districts.ecourts.gov.in/malappuram) **'Notification'** ലിങ്കിൽ ലഭ്യമാണ്. നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

ജില്ലാകോടതി, മഞ്ചേരി
06-05-2024

**(ഉത്തരവിൻ പ്രകാരം)**

**വെക്കേഷൻ ഓഫീസർ**

DISTRICT COURT MANJERI

# അപേക്ഷ ഫോറം

(കുട്ടികൾക്കെതിരായ ലൈംഗീകാതിക്രമ (പോക്സോ) കേസുകൾ മാത്രം കൈകാര്യം ചെയ്യുന്നതിനായുള്ള പ്രത്യേക അതിവേഗകോടതികളിൽ താത്കാലിക നിയമനത്തിനുള്ള അപേക്ഷ )

<table>
<tr><td rowspan="4">Affix recent passport size photo</td><td rowspan="4">അപേക്ഷിക്കുന്ന തസ്തിക</td><td>തസ്തിക</td><td>☑</td></tr>
<tr><td>കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് -II</td><td></td></tr>
<tr><td>കമ്പ്യൂട്ടർ അസിസ്റ്റന്റ് / എൽ.ഡി.ടൈപ്പിസ്റ്റ്</td><td></td></tr>
<tr><td>ഓഫീസ് അറ്റൻഡന്റ്/ പ്യൂൺ</td><td></td></tr>
<tr><td colspan="2">അപേക്ഷകന്റെ/അപേക്ഷകയുടെ പേര്<br>(മലയാളത്തിൽ)<br>(ഇംഗ്ലീഷിൽ, വലിയക്ഷരത്തിൽ)</td><td colspan="2"></td></tr>
<tr><td colspan="2">വയസ്സ്, ജനന തിയ്യതി</td><td colspan="2"></td></tr>
<tr><td colspan="2">വിരമിച്ച തിയ്യതി, പി.പി.ഒ നമ്പർ, വിരമിച്ച തസ്തിക</td><td colspan="2"></td></tr>
<tr><td colspan="2">വിദ്യഭ്യാസ യോഗ്യത</td><td colspan="2"></td></tr>
<tr><td colspan="2">സ്ഥിരം മേൽവിലാസം</td><td colspan="2"></td></tr>
<tr><td colspan="2">ഇപ്പോഴത്തെ മേൽവിലാസം</td><td colspan="2"></td></tr>
<tr><td colspan="2">പ്രവർത്തി പരിചയം</td><td colspan="2"></td></tr>
<tr><td colspan="2">മറ്റ് യോഗ്യതകൾ</td><td colspan="2"></td></tr>
</table>

മേൽ പ്രസ്താവിച്ചിട്ടുള്ള വസ്തുതകൾ എല്ലാം തന്നെ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:

തിയ്യതി: (ഒപ്പ്)